ആമുഖം

പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിൽ ഏറത്ത് പഞ്ചായത്തിലെ വടക്കടത്തുകാവ് ജംഗ്ഷനിൽനിന്നും100 മീറ്റർ അകലെ പറക്കോട് ഐവർകാല റോഡിന്റെ തെക്കുഭാഗത്തായി ഈ പഞ്ചായത്തിന്റെ 4-ാം വാർഡിൽ വടക്കടത്തുകാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നു.

കൊല്ലവർഷം 1002-ൽ അതായത് ക്രിസ്തുവർഷം1827 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. ഇന്നാട്ടിൽ അക്ഷരം പഠിപ്പിച്ചുനടന്ന കുഴക്കുഴിവാദ്ധ്യാർ ആണ് ഈ സ്കൂൾ സ്ഥാപിക്കാൻ നിമിത്തമായത് മധ്യതിരുവിതാംകൂറിലെ ആദ്യത്തെ സർക്കാർ സ്കൂൾ ആയ ഇത് ആദ്യകാലത്ത് v.m സ്കൂൾ അടൂർ എന്നറിയപ്പെട്ടിരുന്നത് .1980 -ൽ ഹൈസ്കൂളായും 1991-ൽ V.H.S.S ആയും ഈ സ്കൂൾ ഉയർന്നു. ഈ സ്കൂളിന് അവകാശപ്പെടാൻ ആയി ഒരു ചരിത്ര പശ്ചാത്തലം കൂടി ഉണ്ട്. 1934 ജനുവരി 19-ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജി ഹരിജനോദ്ധാരണ ഫണ്ട് ശേഖരണത്തിനായി നമ്മുടെ സ്കൂളിൽ എത്തുകയും സ്വാതന്ത്ര സമര പ്രഭാഷണം നടത്തുകയും ചെയ്തു.

10 ഏക്കറോളം വിസ്തൃതിയുണ്ടായിരുന്നത് ഇപ്പോൾ റീ സർവ്വേ പ്രകാരം 1.12 ഹെക്ടർ വിസ്തൃതിയായി കുറഞ്ഞിട്ടുണ്ട്. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ പ്രമുഖരായിരുന്നു ഇ.വി കൃഷ്ണ പിള്ള, ആർ ശങ്കർ, ശൂരനാട് കുഞ്ഞൻപിള്ള , അടൂർ ഗോപാലകൃഷ്ണൻ, മുൻഷി പരമുപിള്ള തുടങ്ങിയവർ വടക്കടത്തുകാവ് , കിളിവയൽ, പുതുശേരി ഭാഗം , ചൂരക്കോട് കോട്ടമുകൾ , അയപൻപാറ,വയല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള സാധാരണക്കാരുടെയും, കൃഷിക്കാരുടെയും കുട്ടികളാണ് ഈ സ്കൂളിൽ ഇപ്പോൾ പഠിക്കുന്നത്.

ആദ്യകാലത്തുണ്ടായിരുന്ന നാലുകെട്ട് നാമാവശേഷം ആയപ്പോൾ മൈതാനത്തിന്റ കിഴക്ക് തെക്ക് ഭാഗത്തായി അഞ്ചുമുറി വീതമുള്ള 2 കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പിന്നീട് H.S ആയപ്പോൾ സ്കൂളിന്റെ കിഴക്കേ അറ്റത്ത് 4 മുറിക്ക് ഒരു സെമി പെർമനെന്റ് കെട്ടിടം നിർമ്മിച്ചു .1991-ൽ V.H.S.E ലാബിന് വേണ്ടി ഒരു കോൺക്രീറ്റ് കെട്ടിടവും, കൊടിക്കുന്നിൽ സുരേഷ് എംപി ആയിരുന്ന കാലത്ത് V.H.S.E ക്ക് 2 മുറികളുള്ള ഒരു കെട്ടിടവും സ്കൂളിന് ലഭിച്ചിട്ടുണ്ട്.

ശ്രീമതി അപ്പിനഴികത്ത് ശാന്തകുമാരി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയതിനുശേഷം സ്കൂളിന് ചുറ്റുമതിലും ,ഫർണിച്ചറുകളും അനുവദിച്ചു .തുടർന്ന് പി.വിജയമ്മ ബ്ലോക്ക് മെമ്പർ ആയിരുന്നപ്പോൾ ഒരു കഞ്ഞിപ്പുര അനുവദിച്ചു.

തുടർന്നുള്ള വർഷങ്ങളിൽ SSA യുടെയും, SSK യുടെയും ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചു കൊ ും ,ത്രിതല പഞ്ചായത്തുകളുടെ പ്രത്യേകിച്ചും ജില്ലാപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്കൂളിനാവശ്യമായ യൂറിനലുകൾ ,ടോയ്‌ലറ്റ് ,കുടിവെള്ള പദ്ധതി അഡീഷണൽ ക്ലാസ്സ്മുറി, ലൈബ്രറി പുസ്തകങ്ങൾ ,ലാബ് സാധനങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയ എല്ലാ മേഖലകളിലും മെച്ചപ്പെടുത്തലുകൾ വരുത്തി സ്കൂളിന്റെ ഭൗതിക സാഹചര്യത്തിൽ മാറ്റം വരുത്തിയിട്ടുണ്ടായി . 2023 ൽ മോഡൽ ഇൻക്ലൂസിവ് സ്കൂൾ പദ്ധതി പ്രകാരം ഭിന്നശേഷി കുട്ടികൾക്ക് ക്ലാസ്റൂമിൽ അറ്റാച്ചഡ് ബാത്ത് റും നിർമ്മിച്ചു.

# അക്കാദമിക മാസ്റ്റർപ്ലാൻ

## കാഴ്ചപ്പാട്

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് ഓരോ കുട്ടിയുടെയും അറിവും കഴിവും അവരുടെ പ്രായത്തിനനുസരിച് ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട് .അക്കാദമികമായി ഇത്തരം കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്നുള്ള കൃത്യമായ ആസൂത്രണം ആവശ്യമാണ് .ഇത്തരം അക്കാദമിക ആസൂത്രണത്തിലൂടെ മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞു എല്ലാ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

ഇങ്ങനെ ഒരു സ്ഥാപനത്തിലെ എല്ലാ കുട്ടികളുടെയും അക്കാദമിക വളർച്ചക്ക വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് .

# MASTER BUILDING

# G.V.H.S.S. VADAKKADATHUCAVU

## 2025 - 2026





| പ്രതീക്ഷിക്കുന്ന ചെലവ് | |
|---|---|
| മഹാത്മാഗാന്ധി സ്വാതന്ത്ര്യസമര പ്രഭാഷണ സ്മാരക നിലയ സമുച്ചയം | 1 കോടി രൂപ |
| സ്കൂൾ കെട്ടിടം | 1 കോടി രൂപ |
| സ്കൂളിന് കളിസ്ഥലം വാങ്ങൽ | 50 ലക്ഷം രൂപ |
| ആകെ ചെലവ് | 2 കോടി 50 ലക്ഷം രൂപ |

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

ഒന്നുമുതൽ 12 വരെ ക്ലാസുകളുള്ള ഈ സ്കൂൾ ഓടിട്ട കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എൽ.പി. ക്ലാസ് റും വേർതിരിക്കാത്ത ക്ലാസുകളിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള ഫർണിച്ചറുകൾ മുക്കാൽഭാഗവും പഴയതാണ്. ആധുനികരീതിയിലുള്ള ഇരിപ്പിടങ്ങളും ബോർഡുകളും സൗകര്യങ്ങളും അത്യാവശ്യമാണ്. പുതിയ പാഠ്യ പദ്ധതിക്ക് അനുസൃതമായി ഹൈടെക് ക്ലാസുകളുടെ അഭാവംമൂലം എൽ.പി. വിഭാഗം കുട്ടികളെ ആകർഷിച്ച് സ്കൂളിൽ എത്തിക്കുവാൻ കഴിയുന്നില്ല.

സ്കൂളിൽ കായിക അദ്ധ്യാപിക ഇല്ല. കളിസ്ഥലം ഇല്ല സ്കൂളിന്റെ ഭൂരിഭാഗവും കെട്ടിടങ്ങളാണ്. ക്ലാസ് മുറികളിലെ ഫ്ളോറിംഗ് സംവിധാനം മെച്ചപ്പെട്ടത് അല്ലാത്തതിനാൽ പൊടിശല്യം രൂക്ഷമാണ്.

ഈ സ്കൂളിൽ ഇതുവരെ സൗകര്യപ്രദമായ ഒരു ബഹുനില കോൺക്രീറ്റ് കെട്ടിടം ഇല്ല.

പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുള്ള ലാബ് നിലവിലുണ്ടെങ്കിലും ലാപ്ടോപ്പുകൾ ആവശ്യാനുസരണം ഇല്ല. എൽ.പി. വിഭാഗത്തിന് പ്രത്യേകമായ കളിസ്ഥലമോ സൗകര്യങ്ങളോ ഇല്ല. വിവര സാങ്കേതികവിദ്യ ക്ലാസ് മുറികളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

ടോയ്ലറ്റുകളും യൂറിനലുകളും എണ്ണത്തിൽ ഉണ്ടെങ്കിലും അവയിൽ ഏറെയും കാലപ്പഴക്കത്താൽ ഉപയോഗശൂന്യമാണ്. ആധുനിക സജ്ജീകരണങ്ങൾ വളരെ കുറവാണ്. girls friendly toilet ഉണ്ടെങ്കിലും ഇനിയും ആവശ്യമുണ്ട്.

ആധുനിക സജ്ജീകരണങ്ങളുള്ള ഒരു പാചകപ്പുര ആവശ്യമാണ്. ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്താൽ പ്രഭാതഭക്ഷണം ഉൾപ്പെടെ ഗുണമേന്മയും പോഷകമൂല്യങ്ങളും ഉള്ള ഉച്ചഭക്ഷണവും കുട്ടികൾക്ക് നൽകി വരുന്ന ഈ സ്കൂളിൽ കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന ഒരു ഡൈനിങ് ഹാൾ അത്യാവശ്യമാണ്.

# 2025 – 2026 അധ്യായന വർഷത്തിൽ അക്കാദമിക മികവിനായി സ്കൂൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ

1. മാതൃഭാഷയുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമായി മാറ്റാൻ - 'അമൃതം' പദ്ധതി.
2. വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്താൻ 'വയമ്പ്' പദ്ധതി.
3. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേടാൻ 'വിങ്സ് ഓഫ് ഇംഗ്ലീഷ് പദ്ധതി'.
4. ഗണിതം മധുരമാക്കാൻ 'കണക്കറിവ്' പദ്ധതി.
5. ശാസ്ത്ര പഠനശേഷി വികസിപ്പിക്കാൻ 'ക്യൂരിയോസിറ്റി' പദ്ധതി.
6. ഐ ടി വിവര സാങ്കേതികവിദ്യ ഫലപ്രദമാക്കി നടപ്പാക്കാൻ 'വിരൽ തുമ്പത്ത്' പദ്ധതി.
7. CWSN കുട്ടികൾക്കായി 'പ്രേമധാര' പദ്ധതി.
8. ആരോഗ്യ കലാ, കായിക, വിദ്യാഭ്യാസ വികസനത്തിനായി 'ജാഗ്രതാ' പദ്ധതി.

<u>പൊതു ലക്ഷ്യങ്ങൾ</u>

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ എല്ലാ വിഷയത്തിലും കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ഓരോ മാസത്തിലും കുട്ടി ആർജിക്കേണ്ട അറിവും കഴിവും മുൻകൂട്ടി തയാറാക്കി CPTAയിൽ അവതരിപ്പിക്കും എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും.
- മികച്ച ശാരീരിക-മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കും കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനു് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തും
- നാട്ടിൽ ലഭ്യമായ വൈദഗദ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ മുതൽക്കൂട്ടാകും.
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളേയും മുതൽക്കൂട്ടാകും.
- LP ക്ലാസുകളിൽ മാതൃഭാഷ കൊപ്പം ഇംഗ്ലീഷ് ഭാഷയിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഹലോ ഇംഗ്ലീഷ് ഇംഗ്ലീഷ് ഫെസ്റ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- യു.പി എച്ച്.എസ് ക്ലാസുകളിൽ ഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കും

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും
- L.P, U.P, H.S, തലത്തിലുള്ള എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ അതാത് ക്ലാസിൽ നേടേണ്ട അടിസ്ഥാന ശേഷികൾ വികസിപ്പിച്ച് സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.
- കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് ജൈവ പച്ചക്കറിത്തോട്ടം നിർമിക്കും.
- ഈ അധ്യയന വർഷത്തിൽ നടപ്പിലാക്കിയ ജൈവവൈവിധ്യ പാർക്ക് പരിഷ്ക്കരിക്കുകയും മാതൃകാ പൂന്തോട്ടം നിർമ്മിക്കുകയും ചെയ്യും.
- രക്ഷിതാക്കളുടെ മറ്റ് പിന്തുണാ സംവിധാനങ്ങളുടെയും സഹകരണത്തോടെ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി ഇവ നവീകരിക്കും.
- ആരോഗ്യകരമായ സ്ത്രീപുരുഷ ബന്ധത്തെ കുറിച്ചും തുല്യത യെക്കുറിച്ചും സമത്വത്തെക്കുറിച്ചു മുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്ക് ഉണ്ടാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തും

## അക്കാദമിക പ്രവർത്തനങ്ങൾ എൽ .പി. വിഭാഗം

## വിഷയം: ഭാഷ

ഒന്നുമുതൽ നാലു വരെയുള്ള ലോവർ പ്രൈമറി ക്ലാസുകളിലെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കൂടി മുൻനിരയിലെത്തിച്ച്മാതൃഭാഷയുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് വായനയും എഴുത്തും ഒരു നവ്യ അനുഭവമാക്കി മാറ്റാനുള്ള നൂതന സംരംഭം

<u>ലക്ഷ്യങ്ങൾ</u>

ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ ഭാഷയിൽ കുട്ടി ആർജിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പാക്കിക്കൊണ്ട് എല്ലാവർക്കും എഴുത്തും വായനയും

ഒന്ന് രണ്ട് ക്ലാസുകളിൽ ആത്മ വായനയ്ക്കും, മൂന്നോ നാല് ക്ലാസുകളിൽ വായനക്കൂട്ടം, എഴുത്തുകൂട്ടം എന്നിവയ്ക്ക് രൂപംനൽകൽ

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്താൻ വായനാ സാമഗ്രികൾ (വ്യത്യസ്ത തലങ്ങൾക്ക് അനുസൃതമായി) കണ്ടെത്തി വികസിപ്പിക്കൽ

വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റ്യും സാധ്യത കണ്ടെത്തൽ.

മൂന്നുനാല് ക്ലാസുകളിലെ കുട്ടികളെ മലയാളത്തിലെ വിവിധ സാഹിത്യശാഖകളെ പരിചയപ്പെടൽ.

സമീപ ഗ്രന്ഥശാല സന്ദർശനം അംഗത്വമെടുക്കൽ ഭാഷയുമായി ബന്ധപ്പെട്ട CD ICTസാധ്യത എന്നിവ സജ്ജീകരിക്കൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കാൻ

## പ്രവർത്തനങ്ങൾ

1 മലയാളത്തിളക്കം പ്രീ ടെസ്റ്റ്

2 ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക

3 അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

4 ചിത്ര സഹായത്താൽ അടിക്കുറുപ്പ് പറയിപ്പിക്കൽ എഴുതൽ

5 കഥ ബാക്കി പറയൽ എഴുതൽ , കഥാപുസ്തകം നൽകൽ

7 ക്ലാസ് ലൈബ്രറി നവീകരിക്കൽ സ്കൂൾ ലൈബ്രറി നവീകരണം

8 പത്രവായന പത്ര ക്വിസ് വാർത്ത തയ്യാറാക്കൽ (3,4 ക്ലാസുകൾ)

9 അമ്മ വായന സ്കൂൾ ലൈബ്രറി പയർ പ്രയോജനപ്പെടുത്തൽ

10 വായനാ കുറിപ്പ് തയ്യാറാക്കി സഭയിൽ അവതരണം

11 ദിനാചരണങ്ങളും ആയി ബന്ധപ്പെടുത്തി നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ

12 പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസ്സിൽരൂപീകരിക്കുന്നവ നാടകം കവിത സംഭാഷണം കഥാപ്രസംഗം എന്നിവയുടെ എന്നിവയുടെ ആവിഷ്കാരം

13 ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തന രൂപീകരണം

14 ICT സാധ്യത പ്രയോജനപ്പെടുത്തൽ

# അക്കാദമിക പ്ലാൻ മലയാളം

| no | AIMS | activity | duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ (മലയാളത്തിളക്കം) | 1.Pre-test<br>2 അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ | 2 weeks<br><br>3Months | പുസ്ത കങ്ങൾ | B.R.C<br>SRG<br>P.T.A |
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)<br><br>ശ്രദ്ധ.2018 | 5.വാക്കുകൾ എഴുതിയകാർഡ്<br>6.വാക്കുകൾ നിർമ്മിക്കുക<br>7.വാക്യങ്ങൾ നിർമിക്കുക<br>8.ചിത്രം അടികുറുപ്പ്<br>9.ചിത്രം കഥ പറയൽ<br>10.ചിത്രംകഥയെഴുതൽ<br>11.കഥവാക്യങ്ങൾഎഴുതൽ<br>12.കഥാപുസ്തകം നൽകൽ<br>13.CDയിൽഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | ഹ്രസ്വകാല പ്രവർത്തനം | പുസ്തകങ്ങൾ<br>CD | BRC<br>JED<br>Trainer<br>PTA<br><br>BRC<br>JED<br>Trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| | കുട്ടിയെമികച്ച വായനക്കാരൻ ആക്കുക ലൈബ്രറി | 14.ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് ഒഴിവുസമയ പ്രത്യേകം ക്ലാസ് | മധ്യമകാല പ്രവർത്തനം | ക്ലാസ് ലൈബ്രറി | SRG School librarian Teacher |
| | | ക്ലാസ് വായനക്കൂട്ടം രൂപീകരണം(3,4 ക്ലാസ്), (1,2 ക്ലാസ്) | | | |
| | | വായനാമൂല , ക്ലാസ് ലൈബ്രറി നവീകരണം | സ്കൂൾ ലൈബ്രറി | | |
| | | സ്കൂൾ ലൈബ്രറി സന്ദർശനം | | | |
| | കുട്ടിയെമികച്ച വായനക്കാരൻ ആക്കുക ലൈബ്രറി | മലയാളത്തിലെ വിവിധ വിവിധ സാഹിത്യശാഖകൾ പരിശോധിക്കൽ | മധ്യമ കാലം | ലൈബ്രറി | |
| | | സമീപ ഗ്രന്ഥശാലാ അംഗത്വം | | പത്രങ്ങൾ മറ്റ് ആനുകാലി കപ്രസിദ്ധീ കരണങ്ങൾ | |
| | | പത്രവായന | | | |
| | | പത്രവാർത്ത തയ്യാറാക്കൽ | | | |
| | | വായനോത്സവം നടത്തൽ | | | |
| | | ബാലസഭ,വിദ്യാരം ഗം കലാ സമിതി പ്രവർത്തനങ്ങൾ | | വായനാമു റി | |
| | | വായനാ കുറിപ്പ് (എൽപി തലം) തയ്യാറാക്കൽ | | | HM BRC SRG LIBRARY |
| | | വായനക്കൂട്ടം- മോണിറ്ററിങ് | | | |

| | | | | | |
|---|---|---|---|---|---|
| | കുട്ടിയെമികച്ച<br>എഴുത്തുകാരൻ<br>ആക്കുക<br><br>കുട്ടിയെമികച്ച<br>വായനക്കാരനും<br>എഴുത്തുകാരനും<br>ആക്കി മാറ്റുക | വായനക്കൂട്ടം<br>ഭിന്നനിലവാരക്കാരാ<br>യ കുട്ടികൾക്ക്<br>യോജിച്ചത്<br><br>എഴുത്തുകാരുടെ<br>രൂപീകരണം<br>(1,2ക്ലാസ്സ് ഒന്നിച്ച്<br>2,3 " )<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട രചനകൾ<br>അവതരണം<br>ആസ്വാദനക്കുറിപ്പ്<br>തയ്യാറാക്കൽ<br>ബാല സഭയിൽ<br>അവതരണം<br>സ്കൂൾ പഠന യാത്ര<br>അമ്മ വായന<br><br>ക്ലാസ് ലൈബ്രറി<br>നവീകരണം<br><br>ഭാഷയിലെ<br>ദിനാചരണങ്ങളും<br>ആയി ബന്ധപ്പെട്ട്<br>വായനയുടെയും<br>എഴുത്തിന്റെയും<br>സാധ്യതവികസിപ്പി<br>ക്കുന്നപ്രവർത്തനങ്ങ<br>ൾ<br>ജൂൺ5-<br>ലോകപരിസ്ഥിതി<br>ദിനം<br>ജൂൺ 19 -<br>വായനാദിനം<br>ജൂലൈ 5 -ബഷീർ<br>ചരമദിനം<br>ജൂലൈ 10- ഉറൂബ്<br>ചരമദിനം<br>ജൂലൈ 17-<br>മുണ്ടശ്ശേരി ജന്മദിനം<br>ഓഗസ്റ്റ് 15- | ദീർഘകാലം | സ്കൂൾ<br>ലൈബ്രറി<br>CD | വിദ്യാരം<br>കലാസാഹ<br>ത്യ സമിത്<br>ക്ലാസ് ടീച്ച |

| | | | | | |
|---|---|---|---|---|---|
| | | സ്വാതന്ത്രദിനം<br>ഒക്ടോബർ 2 -<br>ഗാന്ധിജയന്തി<br>ഒക്ടോബർ 10 -<br>ചങ്ങമ്പുഴ ജന്മദിനം<br>നവംബർ 1 -<br>കേരളപ്പിറവി<br>നവംബർ 14 -<br>ശിശുദിനം<br>ഡിസംബർ 22 -<br>വൈലോപ്പിള്ളി<br>ചരമദിനം<br>ഡിസംബർ 31-<br>തുഞ്ചൻ ദിനം<br>ജനുവരി 16- ആശാൻ<br>ചരമദിനം<br>ജനുവരി 17- ബഷീർ<br>ചരമദിനം<br>ഫെബ്രുവരി 2 -<br>ശങ്കരക്കുറുപ്പ്<br>ചരമദിനം<br>ഫെബ്രുവരി 21-<br>മാതൃഭാഷ ദിനം<br>മാർച്ച് 14 -എസ് കെ<br>പൊറ്റക്കാട് ജന്മദിനം<br><br>അസംബ്ലിയിൽ<br>കുറിപ്പ് തയ്യാറാക്കി<br>അവതരണം<br>രചയിതാവിന്റെ<br>ചിത്രംപ്രദർശിപ്പിക്ക<br>ൽ<br>കുറിപ്പുകൾ<br>ശേഖരിച്ച് പതിപ്പ്<br>'പവർപോയിന്റ്<br>അവതരണം | | | |

# Academic master plan

## English- LP

English approach and methodology

Language is a means of communication.It is a system with its own rules and conventions.It enables us to make sense of our identity and the larger world around us.Language learning involves cognitive and affective engagement.In the initial stages of language, learning the focus has to be on literary skills.t involves the integration of speaking, listening, during, creating, reading writing and critical thinking in the use and production of both texts and new communication Technologies. the learners should be able to speak right and present English that is grammatical fluent and mutually intelligible and appropriate for different purposes audiences contact and cultures.

## AIMS

1 to read the pictures

2 to elicit the text

3 reading of the text

4 asking analytical questions

5 interaction related to the language activities 6 read and enjoy stories and poems given in the reader

7 to attain different discourses story poem letter drama thought description

8 make a simple riddles on given theme

9 learning language by using ICT and CD enhance communication abilities

Activities

1)Language games .

2 )Making request using expression.

3 )Jumbled Letters game .

4 )Respond in English during interactions.

5 )Give pictures of different things and speaking about it.

6 )Read the passage in the text and  the questions .

7) Roleplay .

8 )Frame simple questions.

| Number | Aim | Activity | Duration | technical aid support | support |
|---|---|---|---|---|---|
| 1 | introduction related to the language activities | 1 language games 2.roleplay 3 making request using expressions 4 response in English during interactions 5 simple drama presentation | short term | magazines pictures chart | . |
| 2 | reading of text | 1give pictures of different things and speaking about that 2reading of motivational stories | | | |
| 3 | rates and enjoy stories and poems in The Reader | 1 dramatization of a story 2 choreography of song 3 role play for group activities related to language games 5 read simple stories in the magazines | long period | CD story charts magazine | teachers |
| 4 | learning language using CD and ICT | interactive CDS played in the classroom computer games are used for this | | CD | |

## പരിസര പഠന സമീപനം - എൽ.പി. വിഭാഗം

ഇന്ന് വരെ നേടിയ അനുഭവങ്ങളുടെ ആകത്തുകയാണ് ശാസ്ത്രം എന്നു പറയാം. ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണ വിചാരം ഫലപ്രാപ്തിയിൽ എത്തുന്നു. ഇതാണ് ശാസ്ത്ര പഠന രീതി. ഈ രീതി സ്വായത്തമാക്കിയ സമൂഹത്തിൽ അന്ധ വിശ്വാസങ്ങളും അബദ്ധ ധാരണകളും നിലനിൽക്കില്ല. ആ സമൂഹം ചൂഷണത്തിനും തട്ടിപ്പുകൾക്കും വിധേയമാവുകയില്ല അതിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്.

പരിസര പഠനത്തിൽ ശാസ്ത്രപഠനവും സാമൂഹ്യ ശാസ്ത്ര പഠനവും ഊടുംപാവും പോലെ പരസ്പര ബന്ധിതമാണ് മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും സമൂഹവും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലുമുള്ള പാരസ്പര്യം കണ്ടെത്തുന്നതിനുള്ള അവസരം പരിസര പഠനത്തിലൂടെ ലഭ്യമാക്കണം,

## പരിസര പഠന ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായ വ്യാഖ്യാനിക്കാൻ കഴിയുക.
- മെച്ചപ്പെടലിന് വേണ്ടി പരിശ്രമിക്കുക.
- ശാസ്ത്രത്തിന്റ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും.
- ചെയ്യുക പ്രകൃതിപ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക ശാസ്ത്രത്തിന്റ ദുരുപയോഗം തടയുക.
- ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തുക.
- പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വം ആക്കുക.

- പ്രകൃതിയിലുള്ള പരസ്പരാശ്രയത്വം തിരിച്ചറിയുക.
- സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.

- സുസ്ഥിര വികസനം എന്ന ആശയം വ്യാപിപ്പിക്കുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക - മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
- മാനവികതയിലൂന്നി യുള്ള ശാസ്ത്ര അവബോധം വളർത്തുക.
- ശാസ്ത്രത്തിന്റ നേട്ടങ്ങളിൽ അഭിമാനിക്കുക
- നാടിന്റ നേട്ടങ്ങളിൽ അഭിമാനിക്കുക, പങ്കാളികളാകുക.
- ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

# അക്കാദമിക് പ്ലാൻ - പരിസര പഠനം

| നമ്പർ | പ്രോഗ്രാം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | 1പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | 1 ചുറ്റുപാടുമുള്ള വസ്തുക്കളെ സസ്യങ്ങൾ ജന്തുക്കൾ etc നിരീക്ഷിക്കാൻ അവസരം നൽകുന്നു<br>2 പരിസ്ഥിതി ദിനാചരണം<br>3 വൃക്ഷത്തൈ നടീൽ<br>4 ഔഷധസസ്യങ്ങൾ പരിചയപ്പെടൽ<br>5 ഇലകളുടെ ആകൃതി മണം എന്നിവ നിരീക്ഷിക്കൽ<br>6 വിത്തുകൾ നിരീക്ഷിക്കൽ വിത്ത് മുളക്കുന്ന ഘട്ടങ്ങൾ നിരീക്ഷിക്കൽ<br>7 സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>8 പോസ്റ്റർ നിർമ്മാണം | ഹ്രസ്വകാലം | CD<br>ICT | SRC<br>BRC |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയൽ | 1 ചുറ്റുപാടുമുള്ള വിവിധതരം ജീവജാലങ്ങളെ തിരിച്ചറിയൽ<br>2 ആഹാരരീതി അനുസരിച്ച് ജീവികളെ സസ്യാഹാരികൾ മാംസാഹാരികൾ മിശ്രാഹാരികൾ എന്നിങ്ങനെ തരംതിരിക്കൽ<br>3 ആഹാരരീതി അനുസരിച്ചുള്ള ശാരീരിക പ്രത്യേകതകൾ ഓരോ ജീവിക്കും ഉണ്ടെന്ന് കണ്ടെത്തുന്നു | മധ്യമകാലം | CD<br>ICT | BRC<br>SRG |
| 3 | പ്രകൃതി പ്രതിഭാസങ്ങൾ വിശകലനം ചെയ്യുക | 1 മഴയ്ക്ക് ശേഷമുള്ള പ്രകൃതി നിരീക്ഷണം<br>2 ജലക്ഷാമം വീഡിയോ പ്രദർശനം<br>3 ജല സംരക്ഷണം പോസ്റ്റർ നിർമ്മാണം<br>4 പ്രകൃതിപ്രതിഭാസങ്ങൾ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ചർച്ചചെയ്ത് കണ്ടെത്തുന്നു ഭൂകമ്പം സുനാമി വരൾച്ച etc<br>5 വായു മണ്ണ് ജലം എന്നിവ മലിനപ്പെടുന്ന വിവിധ സാഹചര്യങ്ങൾ കണ്ടെത്തൽ<br>6 മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ<br>ശാസ്ത്രത്തിനും ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>കണ്ടുപിടിത്തങ്ങൾ മനസ്സിലാക്കൽ | ദിർഘകാല | CD<br>ICT<br>പുസ്തകങ്ങൾ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി | BRC<br>SRG |

## ഗണിതം എൽ പി വിഭാഗം

ജീവിതത്തിന്റ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിലാണ് ഗണിത ശാസശാസ്ത്രപഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠനം ആണ് നാം സ്വീകരിക്കുന്നത്.

<u>ഗണിത പഠന ലക്ഷ്യങ്ങൾ</u>

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിൽ ഗണിതത്തിൽ കുട്ടി ആർജിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഗണിത ശേഷി കൈവരിക്കുക.

എല്ലാ കുട്ടികളും അടിസ്ഥാന ഗണിത ശേഷി നേടുക.

ക്ലാസ് തല പ്രവർത്തനങ്ങൾ കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നത് പ്രായോഗികമാക്കുകയും ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുവാൻ കുട്ടിയെ പ്രാപ്തരാക്കുക.

പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിക്ക് കഴിവ് നൽകുക.

കുട്ടിയിൽ ഗണിത ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും, കാര്യകാരണസഹിതം വിശദീകരിക്കുന്നതിനും ഉള്ള കഴിവ് ഉണ്ടാക്കിയെടുക്കണം.

കൃത്യതയോടും എപ്പോഴെങ്കിലും കൃത്യതയോടും, സൂക്ഷ്മതയോടെ കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തം ആക്കിയെടുക്കുക.

ഗണിത ആശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കുട്ടിക്ക് അറിവു നൽകണം.

ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുവാൻ കഴിയണം.

ഗണിത മൂല അതാത് ക്ലാസിൽ രൂപീകരിക്കുക.

ഗണിതപഠനത്തിൽ ICT സാധ്യതകൾ ഉപയോഗിക്കുക

# പ്രവർത്തനങ്ങൾ

1 ഗണിതം മധുരം (പ്രീടെസ്റ്റ്) 2,3,4 ക്ലാസുകളിൽ

2 സംഖ്യാബോധം ഉറപ്പിക്കൽ (1 -4 ക്ലാസിന്റെ പഠന നേട്ടങ്ങൾക്ക് അനുസൃതമായി)

3 സ്ഥാനവില ഉറപ്പിക്കൽ

4 ചതുരം, ത്രികോണം, വൃത്തം, എന്നീ ജാമിതീയ രൂപങ്ങൾ ചേർത്തുവച്ച് പുതിയ രൂപങ്ങളും പാറ്റേണുകളും നിർമ്മിക്കുന്നതിനും വരയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

5 സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, എന്നീ ചതുഷ്ക്രിയകൾ മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ.

6 അളവുകൾ, നീളം, ആഴമുള്ള, ഭാരം എന്നിങ്ങനെ വിവിധതരം അളവുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

7 നാണയങ്ങൾ, നോട്ടുകൾ എന്നിവ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം നടത്തുന്ന പ്രവർത്തനം.

8 ക്ലോക്ക് കലണ്ടർ എന്നിവ ഉപയോഗിച്ച് സമയം, തീയതി, ഈ മാസം എന്നിവ കണ്ടെത്തുന്നതിനുള്ള അവസരങ്ങൾ

9 ഗണിത ആസ്വാദനം നടത്തുവാൻ വേണ്ടി കുസൃതി കണക്കുകൾ ഇവ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ

10 ഗണിത മൂല സജ്ജീകരിക്കാൻ, ഗണിതലാബ് തയ്യാറാക്കൽ

11 ഗണിത സാമഗ്രികൾ തയ്യാറാക്കൽ

12 ICT സാധ്യതഉപയോഗപ്പെടുത്താനുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തൽ

# അക്കാദമിക് പ്ലാൻ - ഗണിതം

| നമ്പർ | program | activity | duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സംഖ്യാബോധം സ്ഥാനവില തുടങ്ങിയ ഗണിത ശേഷി ആർജിക്കൽ | ഒന്ന് രണ്ട് മൂന്ന് ക്ലാസുകളിൽ pre text മഞ്ചാടി കമ്പു കെട്ടം സംഖ്യ കാർഡ് സംഖ്യാ മാല സംഖ്യ പടി അബാക്കസ് സ്ഥാനവില പോക്കറ്റ് ഇവ ഗ്രൂപ്പിൽ നിർമ്മാണം അതാത് ക്ലാസിൽ നേടേണ്ടത് അനുസരിച്ച് സംഖ്യാബോധം സ്ഥാനവില ഉറപ്പാക്കൽ | 2 weeks ഹ്രസ്വകാലം 3 months | ഗണിത ലാബ് ഗണിത മൂലയിലെ വസ്തുക്കൾ വർക്ക് ഷീറ്റുകൾ | SRG ഗണിത ക്ലബ്ബ് BRC |
| | സങ്കലനം വ്യവകലനം ക്രിയകൾ | പുനക്രമീകരണം ഇല്ലാത്തത് എന്നിവയുടെ ക്രിയകൾ ദൈനംദിന ജീവിത പ്രശ്നങ്ങൾ | | | |

| | | | | | |
|---|---|---|---|---|---|
| | | പരിഹരിക്കാതെ വിധത്തിലും യുക്തിചിന്ത വികസിപ്പിക്കേണ്ടത് വിധത്തിലുമുള്ള ഗണിതക്രിയകൾ | | | |
| | ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയാനും ഈ രൂപങ്ങൾ ചേർത്തുവച്ച് വിവിധരൂപങ്ങൾ ഉണ്ടാക്കുവാനും സഹായിക്കൽ | ചുറ്റുപാടും ഉള്ള രൂപങ്ങളിൽ നിന്നും തിരിച്ചറിയൽ വിവിധരൂപം ഉണ്ടാക്കൽ വരയ്ക്കൽ സൂക്ഷ്മത കൃത്യം രൂപങ്ങൾ എന്നിവയുടെ നിർമ്മാണം | | | |
| 2 | നോട്ടുകൾ നാണയങ്ങൾ ഇവ ഉപയോഗപ്പെടുത്തി പ്രശ്നപരിഹരണം നടത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | കളി നോട്ടുകൾ നാണയങ്ങൾ എന്നിവ ഉപയോഗിച്ച് ഗ്രൂപ്പ് തലത്തിൽ സംഖ്യാബോധം സ്ഥാനവില സംഖ്യ വ്യാഖ്യാനം ഇവ നടത്തുന്നു | മധ്യമ കാലം | ഗണിത മൂല ഗണിതലാബ് ഇവയിലെ വസ്തുക്കൾ വർക്ക് ഷിറ്റുകൾ | BRC SRG ഗണിത ക്ലബ് |
| 3 | ഗുണനം ഹരണം വസ്തുതകൾ ഗ്രഹിക്കുന്നത് | ഗണിത ലാബിലെ വസ്തുക്കളോ വർക്ക് ഷിറ്റുകളും കളികളിലൂടെ ആവർത്തന | | | |

| | | | | | |
|---|---|---|---|---|---|
| | | സങ്കലനമാണ് ഗുണനം എന്ന വസ്തുത രൂപികരിക്കുക യും സംഖ്യാ ബന്ധങ്ങൾ കണ്ടെത്തി ക്രിയകൾ ചെയ്യുന്നു | | | |

| | | | | | |
|---|---|---|---|---|---|
| 4 | ഗണിതക്രിയകളി ൽ കൗതുകവും താല്പര്യവും ഉണ്ടാക്കുക | യുക്തിചിന്ത വരുത്തുന്ന ലഘു ഗണിതങ്ങൾ ടീച്ചർ നിർദേശിക്കുന്നു കു സൃതി കണക്കുകൾ മനക്കണക്കുകൾ പസിൽസ് ഗ്രൂപ്പായി കണ്ടെത്തൽ ഗണിത പയറ്റ് നടത്തൽ | | | |
| 5 | നീളം ഉള്ളളവ് ഭാരം എന്നിവയുടെ ഏകകം തിരിച്ചറിയുന്നു | പരസ്പര ബന്ധം മനസ്സിലാക്കാൻ അളവു പാത്രം ഉപയോഗിച്ച് അളക്കൽ പ്രായോഗി ക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ സ്കെയിൽ ഉപയോഗിച്ച് ഉപയോഗിച്ച് ഭാരം അളക്കൽ | | | |
| | ഗണിതാഭിരുചി വർധിപ്പിച്ച്ഗണി തം മധുരവും കൗതുകവും ആക്കി മാറ്റുക | ഗണിത ക്ലാസുകളിൽ manik കണക്കുകൾക്ക് പ്രാധാന്യം നൽകുക ഗണിത മൂല വികസിപ്പിക്കൽ കുട്ടികൾക്ക് സ്വയം നിർമ്മാണത്തിന് അവസരം നൽകൽ ഗണിത ക്ലബ്ബ് വിപുലമാക്കുക മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതശാസ്ത്രജ്ഞരെ | ദീർഘകാ ലം | പുസ്തകങ്ങൾ നിർമ്മാണസാമഗ്രി കൾ | CD SRG BRC DIET scho ol librar y |

| | | | | | |
|---|---|---|---|---|---|
| | | പരിചയപ്പെടുത്തൽ<br>ശാസ്ത്ര മേളയിൽ<br>പങ്കെടുപ്പിക്കുക<br>കുസൃതി കണക്കുകൾ<br>പസിൽസ്<br>ഇവ ചെയ്യിക്കുക | | | |

## അക്കാദമിക പ്രവർത്തനങ്ങൾ യു.പി വിഭാഗം

വിഷയം: ഭാഷ

വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക പശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുള്ള 5, 6 ,7 ക്ലാസിലെ എല്ലാ കുട്ടികളുടെയും മാതൃഭാഷയുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് വായനയിലൂടെയും എഴുത്തിലൂടെയും സർഗാത്മകതയിലേക്ക് മാറ്റുക.

ലക്ഷ്യങ്ങൾ

- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ
- വയനാസമഗ്രി (വ്യത്യസ്ത കൾതലങ്ങൾക് അനുസൃത മായി)
- വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പഠനപ്രവർത്തനങ്ങളിൽ തൽപരർ ആക്കുന്നതിന്
- ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ

- 5 ,6 ,7 ക്ലാസ്സുകളിലെ മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- ഭാഷയുമായി ബന്ധപ്പെട്ട CD ,ICT സാധ്യത സജ്ജീകരിക്കൽ
- സമീപത്തെ ഗ്രന്ഥശാല സന്ദർശനം, അംഗത്വമെടുക്കാൻ
- 5 6 7 ക്ലാസുകളിൽ വായനക്കൂട്ടം എഴുത്തുകൂട്ടം എന്നിവയ്ക്ക് രൂപംനൽകൽ
- ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- കഥ കവിത തുടങ്ങിയവയ്ക്ക് ആസ്വാദനം തയ്യാറാക്കൽ

പ്രവർത്തനങ്ങൾ

- സ്കൂൾ ലൈബ്രറിയിൽനിന്നും ഭാഷ പുസ്തകങ്ങളെടുത്ത് വായന കുറിപ്പ് തയ്യാറാക്കി അവതരണം
- പത്രവായന വാർത്ത തയ്യാറാക്കൽ
- പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവ ശേഖരിച്ച് ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ
- ദിനാചരണങ്ങളോട് അനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യണം
- ഭിന്ന നിലവാരക്കാർക്കു വേണ്ടി ICT സാദ്ധ്യതയോടെ വീഡിയോ ക്ലിപ്പിംഗ് സഹായത്തോടെ കഥ പൂർത്തിയാക്കൽ

- ലൈബ്രറി നവീകരണം സ്കൂൾ ലൈബ്രറി നവീകരണവുമായി
- പാഠഭാഗമായി ബന്ധപ്പെട്ട് ക്ലാസ്സിൽ രൂപീകരിക്കുന്നത് (നാടകംകവിത സംഭാഷണം കഥാപ്രസംഗം തിരക്കഥ കഥാപാത്രമാണ് ആസ്വാദനക്കുറിപ്പ് വർണന കഥാപാത്ര രൂപീകരണം) തുടങ്ങിയവരുടെ ആവിഷ്കരം
- പാഠഭാഗവുമായി ബന്ധപ്പെട്ട നിഘണ്ടു രൂപീകരണം ,
- ICT സാധ്യത പ്രയോജനപ്പെടുത്തൽ
- പാഠഭാഗവുമായി ബന്ധപ്പെട്ട ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

# അക്കാദമിക് പ്ലാൻ മലയാളം

| എണ്ണം | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ശ്രദ്ധ മലയാളത്തിളക്കം | 1ചിഹ്നങ്ങൾ<br>2ഉറപ്പിക്കൽ<br>3വീഡിയോ ക്ലിപ്പിംഗ്<br>4കഥാരൂപീകരണം | ഹ്രസ്വ കാലം<br>one week<br>3 months | പസ്തകം<br>ICT | BRC<br>SRG<br>PTA |
| 2 | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ<br>വായനാദിനവുമായി ബന്ധപ്പെട്ട വായനാവാരം നടത്തൽ<br>പത്രവായന<br>പത്രവാർത്ത തയാറാക്കൽ<br>സമീപത്തുള്ള ഗ്രന്ഥശാല പ്രയോജനപ്പെടുത്തൽ ക്ലാസ്സ് റൂം വായന ഭിന്ന നിലവാരകാർക്ക് വേണ്ടി ICT ഉപയോഗിക്കൽ | മധ്യമകാലം | ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>വായനാമൂല | H.M<br>BRC<br>SRG<br>LIBRARY |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട രചനകളുടെ അവതരണം ആസ്വാദനക്കുറിപ്പ് തിരക്കഥ കഥ വർണ്ണന കഥാപ്രസംഗം നാടകം കവിത കഥ ഇവ തയ്യാറാക്കാൻ നിഘണ്ടു രൂപീകരണം ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി | ദീർഘകാലം | സ്കൂൾ ലൈബ്രറി CD | വിദ്യാരംഗം കലാസാഹിത്യ സമിതി ഭാഷ അധ്യാപിക |
| 4 | കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കി മാറ്റുക | ഭാഷയിലെ ദിനാചരണങ്ങളും ആയി ബന്ധപ്പെട്ടു<br>ജൂൺ 19 വായനാദിനം<br>ജൂലൈ 5 ബഷീർ ചരമദിനം<br>ജൂലൈ 10 ഉറൂബ് ചരമദിനം<br>ജൂലൈ 17 മുണ്ടശ്ശേരി ജന്മദിനം<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം<br>ഒക്ടോബർ 2 ഗാന്ധിജയന്തി<br>ഒക്ടോബർ 10 ചങ്ങമ്പുഴ ജന്മദിനം<br>നവംബർ 1 കേരളപ്പിറവി | ദീർഘകാലം | സ്കൂൾ ലൈബ്രറി പത്രം CD | വിദ്യാരംഗം കലാസാഹിത്യ സമിതി മലയാളം അധ്യാപിക |

| | | | | | |
|---|---|---|---|---|---|
| | | നവംബർ 14 ശിശുദിനം ഡിസംബർ 22 വൈലോപ്പിള്ളി ചരമദിനം ഡിസംബർ 31 തുഞ്ചൻ ദിനം ജനുവരി 16ന് ആശാൻചരമദിനം ജനുവരി 17ന് ബഷീർ ജന്മദിനം ഫെബ്രുവരി 2 ശങ്കരക്കുറുപ്പ് ചരമദിനം ഫെബ്രുവരി 21 മാതൃഭാഷ ദിനം മാർച്ച് 14 എസ് കെ പൊറ്റക്കാട് ജന്മദിനം സ്കൂൾ അസംബ്ലിയിൽ കുറുപ്പ് തയ്യാറാക്കിയ അവതരണം കിസ് പതിപ്പുകൾ തയ്യാറാക്കാൽ | | | |

## ഗണിതം യുപി വിഭാഗം

അളവു കളിലൂടെയും അവയുടെ പരസ്പരബന്ധങ്ങളിലൂടെയും ലോകത്തെ മനസ്സിലാക്കുകയും അറിവുമായി ലോകത്തിൽ ഇടപെട്ടുകൊണ്ട് മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്രത്തിന്റെ പ്രാഥമിക ധർമ്മം. ഗണിത ശാസ്ത്രത്തിന്റ വളർച്ചയുടെ ഒരു ഘട്ടത്തിൽ അളവുകൾ സമവാക്യങ്ങളുടെയും ബീജഗണിത സമവാക്യങ്ങളുടെ യും തലങ്ങളിലേക്കും വളരുന്നു അങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നു.

### ഗണിത പഠന ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്താൻ സഹായകമാവണം
- എല്ലാകുട്ടികളും അടിസ്ഥാന ഗണിത ശേഷി നേടണം
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കണം
- ഗവേഷണ പ്രവർത്തനങ്ങൾക്ക് താല്പര്യം ഉണ്ടാക്കാൻ കുട്ടിയെ സഹായിക്കുന്നതാകണം
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്താൻ സഹായകമാവണം.

- ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കാര്യകാരണസഹിതം വിശദീകരിക്കുന്നതിനും ഉള്ള കഴിവുണ്ടാകുന്നതായിരിക്കണം
- സർഗാത്മക ചിന്ത വളർത്താൻ സഹായകരമാകണം
- വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്ത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുന്നത് താകണം
- കുട്ടികൾക്ക് ഗണിതപഠനത്തിൽ ഐസിടി സാധ്യതകൾഉപയോഗിക്കാൻ കഴിയുന്നതാവണം
- ഗണിത മൂല അതാത് ക്ലാസ്സിൽ രൂപീകരിക്കണം

| എണ്ണം | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അടിസ്ഥാന ഗണിത ശേഷി നേടൽ | സംഖ്യബോധം സ്ഥാനവില തുടങ്ങിയ അടിസ്ഥാന ഗണിത ശേഷികളും ചതുഷ്ക്രിയകൾ കുട്ടി സ്വായത്തമാക്കിയത് വിലയിരുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ പ്രീ ടെസ്റ്റ് തുടങ്ങിയ തുടർപ്രവർത്തനങ്ങൾ | 1 months<br>ഹ്രസ്വകാലം | ഗണിത മൂലയിലെ സംഖ്യ കാർഡ് സംഖ്യാമാല സ്ഥാനവില പോക്കറ്റ് അബാക്കസ് | സ്കൾ ഗണിത ലാബ് |
| | ജ്യാമിതിയുമായി ബന്ധപ്പെട്ട ആശയങ്ങളും സ്കൂളുകളുമായി ബന്ധപ്പെട്ട ആശയങ്ങളും ഗ്രഹിക്കൽ | വൃത്തം ചതുരം ത്രികോണം ചതുർഭുജം പഞ്ചഭുജം ഷഡ്ഭുജം എന്നീ രൂപങ്ങൾ തിരിച്ചറിയൽ വരയ്ക്കൽ ടാൻഗ്രാം രൂപങ്ങൾ ത്രിമാനരൂപങ്ങൾ നിർമ്മാണം കൃത്യത സൂക്ഷ്മതജ്യാമിതിയുമായി ബന്ധപ്പെട്ട ആശയങ്ങളും സ്കൂളുകളുമായി ബന്ധപ്പെട്ട് ആശയങ്ങളും ഗ്രഹിക്കൽ വൃത്തം ചതുരം | ഹ്രസ്വകാലം | | |

| | | | | | |
|---|---|---|---|---|---|
| | | ചതുരം ത്രികോണം ചതുർഭുജം പഞ്ചഭുജം ഷഡ്ഭുജം എന്നീ രൂപങ്ങൾ തിരിച്ചറിയാൻ വരയ്ക്കൽ ടാൻഗ്രാം രൂപങ്ങളുമാണ് രൂപങ്ങൾ നിർമ്മാണം കൃത്യത സൂക്ഷ്മത കോണുകളുമായി ബന്ധപ്പെട്ട വിവിധ കോണുകൾ അവയുടെ അളവുകൾ അവയുടെ പരസ്പര ബന്ധം രേഖീയ ജോഡി എതിർ കോൺ എന്നീ ആശയങ്ങൾ വിശദീകരിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ | | | |
| | സമാന്തരവരകൾ മനസ്സിലാക്കുന്നു | കലം പാലിക്കുന്ന വരകൾ എന്ന ആശയമാണ് സമാന്തരവരകൾ എന്ന് വിശകലനം ചെയ്യുന്ന പ്രവർത്തനം | | | |
| | | വിവിധരീതിയിൽ സമാന്തരവരകൾ വരയ്ക്കൽ അവയുടെ പ്രത്യേകതകൾ മാതൃകകൾ എന്നിവ തയ്യാറാക്കി വിശദീകരിക്കുക | ഹ്രസ്വ കാലം | | |

| | | | | | |
|---|---|---|---|---|---|
| | | യും പിയർ ഗ്രൂപ്പിൽസ്വയം രൂപീകരിക്കാൻ അവസരം നൽകുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ | | | |
| | സംഖ്യബന്ധങ്ങളും ക്രിയാതത്വങ്ങളും അക്ഷരങ്ങളും ഉപയോഗിച്ച് സൂചിപ്പിക്കാമെന്നും ക്രിയകൾ എളുപ്പമാക്കാൻ പൊതു തത്വങ്ങൾ പ്രയോഗിക്കാം എന്നും ഉള്ള ധാരണ വളർത്തുക | നിത്യജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങളിലൂടെയും സംഖ്യകൾ തമ്മിൽ വിശകലനം ചെയ്തു സംഖ്യ ബന്ധങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു സംഖ്യകൾ തമ്മിലുള്ള ബന്ധത്തെ അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതാം എന്ന ആശയം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വർഗ്ഗവും വർഗ്ഗമൂലവും തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ | | | |
| | ദൂരം സമയം വേഗം എന്നിവയുടെ ബന്ധം കണ്ടെത്തി നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തൽ | ദൂരവും സമയവും വേഗത്തെ മധ്യമ കാലം നിർണയിക്കുന്ന ഘടകങ്ങളാണെന്ന് ബോധമുണ്ടാക്കുന്ന ദൈനംദിന ജീവിത സന്ദർഭങ്ങളുമായി | | | |

| | | | | | |
|---|---|---|---|---|---|
| | | ബന്ധപ്പെട്ട കണക്കുകൾ ശരാശരി വേഗം എന്ന ആശയം രൂപീകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ | | | |
| | അംശബന്ധം എന്ന ആശയം മനസ്സിലാക്കി അതുൾപ്പെടുന്ന പ്രായോഗിക സന്ദർഭം മനസ്സിലാക്കൽ | ചതുരങ്ങളുടെ നീളവും വീതിയും തമ്മിലുള്ള പൊതുവായ ബന്ധം കണ്ടെത്തൽ അവ വിശകലനം ചെയ്ത് അംശബന്ധം വിശദീകരിക്കൽ വ്യത്യസ്ത തലങ്ങളിലൂടെ നീതിയുടെ എത്ര മടങ്ങാണ് നീളം എന്നു കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ഭിന്നസംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടേത്തി അവയെ എണ്ണൽസംഖ്യകളുടെ അനുബന്ധമായി എഴുതുന്നതിന്റെ വിവിധ മാർഗ്ഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്ന പ്രവർത്തനങ്ങൾ യുക്തിചിന്തയ്ക്കും മനകണക്കിനും സന്ദർഭം ഒരുക്കൽ | | | |
| | സംഖ്യ ബന്ധങ്ങളുടെ സവിശേഷതകൾ കണ്ടെത്തി | എണ്ണൽ സംഖ്യയുടെ തുകയെ സംബന്ധിച്ച | മധ്യകാല | | |

| | | | | | | |
|---|---|---|---|---|---|---|
| | ബീജഗണിത രീതിയിൽ സമർത്ഥിക്കുക | നിഗമനം രൂപികരണത്തിലൂടെ ബീജഗണിത രീതി സമർപ്പിക്കുന്നു ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി സംഖ്യ ബന്ധങ്ങൾ ഉൾപ്പെടുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ ബീജഗണിത സഹായത്താൽ വിശകലനം ചെയ്യുന്ന ധാരാളം പ്രവർത്തനങ്ങൾ ഇരട്ട സംഖ്യകൾ ഒറ്റ സംഖ്യകൾ വിവിധ ശ്രേണികളിലെ സംഖ്യകൾ ഇവയുടെ സവിശേഷതകൾ കണ്ടെത്തി പൊതുരൂപം കണ്ടെത്തൽ സ്വന്തമായി ചെയ്യാനും പിയർ ഗ്രൂപ്പിൽ ചെയ്യാനും അവസരം ഒരുക്കൽ | | | |
| | പണമിടപാടുമായി ബന്ധപ്പെട്ട കണക്കുകൾ മനസ്സിലാക്കി ഷെയർ മാർക്കറ്റുകൾ ഇൻഷുറൻസ് കമ്പനികൾ ബാങ്കുകൾ | വിവിധ കച്ചവട സന്ദർഭങ്ങൾ വിശകലനം ചെയ്ത് മുടക്കുമുതൽ വിറ്റവില ലാഭനഷ്ടം ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്ന നിത്യ | മധ്യമ കാലം | വിവിധ കളികൾ പുസ്തകങ്ങൾ CD | BRC SRG DIET |

| | | | | | |
|---|---|---|---|---|---|
| | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് കുട്ടിക്ക് ധാരണനൽകുകയും കച്ചവടക്കാരുടെ വിപണന തന്ത്രങ്ങളിൽ അകപ്പെട്ട് വഞ്ചിതരാകാതിരിക്കാൻ കുട്ടിയെ ബോധ്യപ്പെടുത്തുക | ജീവിത പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ ലാഭവും നഷ്ടവും താരതമ്യം ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ പരസ്യ വില ഡിസ്കൗണ്ട് വിറ്റവില ഇവ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ | | | |
| | സമചതുരങ്ങളെ വ്യത്യസ്ത രീതിയിൽ മുറിച്ചു ക്രമീകരിച്ച് തുല്യമായ പരപ്പളവുള്ള ഒരു സമചതുരം ഉണ്ടാക്കാമെന്ന അറിവ് നൽകുക | സമചതുരങ്ങൾ കട്ടിക്കടലാസിൽ വലിയ സമചതുരം ഉണ്ടാക്കാൻ പരപ്പളവുകൾ തമ്മിലുള്ള ബന്ധം കണ്ടെത്തിവിശദീകരിക്കൽ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യൽ | | | |
| | ഗണിതാഭിരുചി വർധിപ്പിച്ച് ഗണിതം മധുരവും കൗതുകവും ആക്കി മാറ്റുക | ഗണിത ക്ലാസുകളിൽ മനക്കണക്കുകൾക്കും യുക്തിചിന്തയ്ക്കും കുസൃതി കണക്കിനും പസ്സിൽസിനും പ്രാധാന്യം | ദീർഘകാലം | | |

| | | | | | |
|---|---|---|---|---|---|
| | | നൽകുന്ന പ്രവർത്തനങ്ങൾ ളിലൂടെ മൂല ഗണിതശേഷി വിപുലമാക്കൽ | | | |

Academic programs up English

**language English**

**Aims**

- enhance communication abilities
- read and enjoy the stories and poem given in the reader
- develops a sense of values and culture through reading
- to obtain different courses story poem letter drama conversation notice thought description narration newspaper
- makes presentation in the classroom
- enhance reading and writing abilities in upper primary students
- user degrees of describing words and compare two objectives person
- editing a passage with errors
- undertake simple projects
- frame questions relevant to the context
- develop a skill by fixing events characters and writing dialogues
- make a simple riddles on a given team
- learning language by using ICT and CD
- Make students familiar with good publications of current affairs

- make students familiar with different literary genres

activities

1. Respond in English during interactions
2. Read the passages given in the extended reading Part and do the activities individually
3. Make formal presentation of constructed discourses searches descriptions conversation quotes narration etc
4. Celebrate English Day by conducting programs in English
5. Language games with anonymous and synonyms
6. Making request using expressions
7. Undertaken simple projects related to that text
8. Do the editing task
9. Combine sentence with the different conjunctions
10. Find meaning of words in context by worthy
11. Dictionaries develop a sense of imagination

| SL number | AIMS | activities | duration | class |
|---|---|---|---|---|
| | enhance the communication abilities read and enjoy the stories and poem given in the reader malies presentation in the classroom enhance reading and writing abilities in upper primary students frame questions relevant to the context | enhance the speaking abilities respond in English during interactions presentations like a conversation thoughts description narration etc English day test English assembly English club language games | short time long time | 5,6,7 |
| | read and enjoy the stories and poem given in the reader develops a sense of values and culture through reading enhance reading and writing abilities in upper primary students learning language by using ICT and CD make students familiar with the word publications of current affairs make students familiar with different literacy genres | enhance the reading ability reading text extended reading sections reading newspapers school library read and enjoy stories and poems | longtime | 5 6 7 |

| | | | | |
|---|---|---|---|---|
| | | Correcting the pronunciation with the help of audios | longtime | 5 6 7 |
| | to obtain different discourses story poem letter drama conversation notice thought description narration newspaper uses degrees of describing words and compare two objectives persons editing a passage with the errors undergoes simple projects frame questions relevance to the contexts develop skill by fixing events characters and writing dialogue make a simple riddles on a given theme | enhance the writing ability attempt questions in the extended reading section drama simple projects make presentationn like conversation short description narration etc editing a passage with errors prepare simple wh question paper simple dictionaries related to their text port folio prepare reading materials | | |

## ശാസ്ത്രം യു.പി തലം

<u>ലക്ഷ്യങ്ങൾ</u>

1. നിരീക്ഷണപാടവം ജിജ്ഞാസ കൗതുകം എന്നിവ പരിപോഷിപ്പിക്കുക
2. ചുറ്റുപാടുകളെ ശാസ്ത്രീയമായ വ്യാഖ്യാനിക്കാൻ കഴിയുക
3. ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിൽ പരിമിതിയുള്ള കുട്ടികളെ അതു മറികടക്കാൻ പിന്തുണ നൽകുക
4. പ്രകൃതിപ്രതിഭാസങ്ങളെ വിശകലനം ചെയ്യുക
5. പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുക
6. പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വം ആക്കുക
7. പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക
8. ശാസ്ത്രപഠനത്തിൽ ഐടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവും
9. വ്യക്തിശുചിത്വവും സാമൂഹ്യ ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക
10. ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നു

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് |
|---|---|---|---|---|
| 1 | നിരീക്ഷണപാടവം വിജ്ഞാന കൗതുകം എന്നിവ പരിപോഷിപ്പിക്കുക ശാസ്ത്രപഠന വികസിപ്പിക്കുവാൻ കഴിയുന്നു | കുട്ടികളിൽ ശാസ്ത്രീയ ആഭിമുഖ്യം വളർത്തുന്നതിനുവേണ്ടി ശാസ്ത്ര മാജിക്കുകൾ science fun ലഘുപരീക്ഷണങ്ങൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്ന | ഹ്രസ്വകാലം | V VI VII |
| 2 | നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നു cwsn കുട്ടികളെ നേർധാരയിൽ എത്തിക്കുക ശാസ്ത്ര പഠനശേഷി വികസിപ്പിക്കുവാൻ കഴിയുന്നു | ശാസ്ത്ര പാഠങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉറപ്പു വരുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു ചർച്ചകൾ model നിർമ്മാണം പരീക്ഷണങ്ങൾ | ദീർഘകാലം | V VI VII |
| 3 | പ്രകൃതിപ്രതിഭാസങ്ങളെ വിശകലനം ചെയ്യുക പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുക | ചുറ്റുപാടും നടക്കുന്ന പ്രകൃതിപ്രതിഭാസങ്ങൾ പ്രകൃതിദുരന്തങ്ങൾ വെള്ളപ്പൊക്കം ഉരുൾപൊട്ടൽ സുനാമി അറിവ് നേടുന്നതിന് സെമിനാറുകൾ | ദീർഘകാലം | V VI |

| | | | | |
|---|---|---|---|---|
| | | ബോധവത്ക്കരണ ക്ലാസുകൾ വീഡിയോ ക്ലിപ്പിങ്ങുകൾ | | |
| 4 | ശാസ്ത്രപഠനത്തിൽ ഐടിസാധ്യത പ്രയോജനപ്പെടുത്തുക cwsn കുട്ടികളെ നേർധാരയിൽ എത്തിക്കുക ശാസ്ത്ര പഠനശേഷി വികസിപ്പിക്കുവാൻ കഴിയും | ictയുടെ സഹായത്താൽ ശാസ്ത്ര നാടകങ്ങൾക്കും ശാസ്ത കവിതകൾ കേൾക്കാനും കാണാനും അവസരം നൽകുന്നു | ഹ്രസ്വകാലം | V VI VII |
| 5 | ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നു ശാസ്ത്രപഠനത്തിൽ ഐടി സാധ്യത പ്രയോജനപ്പെടുത്തുവാൻ ഉള്ള കഴിവ് നേടുക ശാസ്ത്ര പഠന ശേഷിവികസിപ്പിക്കുവാൻ കഴിയുന്നു | ശാസ്ത്രമേള ശാസ്ത്രോത്സവം എന്നിവ സംഘടിപ്പിക്കുന്നു | മധ്യകാലം | V VI VII |
| 6 | പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുന്നു പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവം ആക്കുക നിരിക്ഷണപാടവം ജിജ്ഞാസ കൗതുകം എന്നിവ പരിപോഷിപ്പിക്കുക | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു ആഹാര വ്യവസ്ഥകൾ നിർമ്മാണ സ്ഥലങ്ങൾ ഫാക്ടറികൾ | ഹ്രസ്വകാലം | V VI VII |
| 7 | വ്യക്തിശുചിത്വവും സാമൂഹ്യ ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുക പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ | വായു മണ്ണ് ജലം ജലം എന്നിവ മലിനീകരിക്കപ്പെട്ടുന്ന വിവിധ സാഹചര്യങ്ങൾ കണ്ടെത്തുന്നതിലും അതുമായി ബന്ധപ്പെട്ട രോഗങ്ങൾ കണ്ടെത്തുന്നതിനും | ദീർഘകാലം | V VI VII |

| | | | | |
|---|---|---|---|---|
| | വിവേകപൂർവ്വം ആക്കുക | വിവിധ പ്രോജക്ട് വീഡിയോ ക്ലിപ്പുകൾ ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു | | |
| 8 | ശാസ്ത്രപഠനത്തിൽ ഐടിസാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക സ്വന്തം ജീവിതം മെച്ചപ്പെട്ടതു മുതൽ ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് മനോഭാവവും വളർത്തുക | ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര നാടകങ്ങൾ കുട്ടികൾ സ്വയം തയ്യാറാക്കാനും അഭിനയ പരിശീലനം നേടി വേദികളിൽ അവതരിപ്പിക്കുന്നതിനും കഴിയുന്നു | ദീർഘകാലം | VII |
| 9 | ശാസ്ത്ര പഠനശേഷി വികസിപ്പിക്കുവാൻ | ദിനാചരണ കലണ്ടർ നിർമ്മാണം | ദീർഘകാലം | V<br>VI<br>VII |
